# പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.76 — 25.01.2018 ന് മറുപടിയ്ക്ക്.

## നീലക്കുറിഞ്ഞി ഉദ്യാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ഷാഫി പറമ്പിൽ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; | (എ) തീരുമാനം എടുത്തിട്ടില്ല. |
| (ബി) ഇതു സംബന്ധിച്ച് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗം എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്; | (ബി) ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23.11.2017 ന് ചേർന്ന യോഗത്തിൽ നീലക്കുറിഞ്ഞി സങ്കേതം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ, വനം, വൈദ്യുതി മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത മേഖലയിലെ എല്ലാ ജനപ്രതിനിധികളേയും, രാഷ്ട്രീയ പ്രതിനിധികളേയും, റവന്യൂ-വനം വകുപ്പ് ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി മൂന്നാറിൽ വച്ച് ഒരു യോഗം നടത്താൻ തീരുമാനിച്ചു. കൂടാതെ സെറ്റിൽമെന്റ് ഓഫീസറുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ട് പോകുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കി കൊടുക്കുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. യോഗതീരുമാനങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) വന്യജീവി സങ്കേതമായി പ്രഖ്യാപിക്കപ്പെട്ട നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കുമ്പോൾ കേന്ദ്ര വനം നിയമത്തിലെ നിബന്ധനകൾ പാലിക്കപ്പെട്ടു എന്നുറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ; | (സി) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർ നിർണ്ണയിക്കപ്പെടുകയാണെങ്കിൽ കേന്ദ്ര വന നിയമത്തിലെ നിബന്ധനകൾ പാലിക്കപ്പെടുന്നതാണ്. |
| (ഡി) അതിർത്തി നിർണ്ണയത്തിന് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ആവശ്യമാണെന്നിരിക്കെ ഇപ്പോൾ ആലോചിക്കുന്ന അതിർത്തി പുനർനിർണ്ണയ നടപടികൾ വിജയപ്രദമാകുമോ; വ്യക്തമാക്കുമോ? | (ഡി) നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ ഇന്റൻഷൻ നോട്ടിഫിക്കേഷൻ മാത്രമേ ആയിട്ടുള്ളൂ. അന്തിമ വിജ്ഞാപനം പുറത്തിറങ്ങാത്തതിനാൽ അതിർത്തി നിർണ്ണയത്തിന് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

2064491/2017/OS-F&WL

**ഇടുക്കി നീലകറിഞ്ഞി സാങ്ച്വറി രൂപീകരണവുമായി ബന്ധപ്പെട്ട് 2017 നവംബർ മാസം 23-ാം തീയതിയിൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്**

കേരള സർക്കാരിന്റെ 6.10.06 ലെ ജി.ഒ(പി)36/2006/F&WLD നമ്പർ പ്രകാരം വട്ടവട വില്ലേജിലെ ബ്ലോക്ക് 62-ലും, കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58-ലും ഉൾപ്പെട്ട പട്ടയ സ്ഥലങ്ങൾ ഒഴികെയുള്ള ഏകദേശം 3200 ഹെക്ടർ ഭൂമിയിൽ ഒരു നീലകറിഞ്ഞി സങ്കേതം രൂപികരിക്കുന്നതിനായി 'വനം വകുപ്പ് വിജ്ഞാപനം' പുറപ്പെടുവിച്ചിട്ടുള്ളതും, 12.12.2007 ലെ സ.ഉ(കൈ)74/ F&WLD പ്രകാരം ടി മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുന്നതിലേയ്ക്കായി ദേവികുളം സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി (Settlement Officer) നിയമിച്ചിരുന്നതും ആണ്. വട്ടവട, കൊട്ടകമ്പൂർ വില്ലേജിലെ ജനങ്ങളുടെ നിരവധി പ്രതിഷേധ സമരങ്ങൾ കാരണം. സെറ്റിൽമെന്റ് ഓഫീസർക്ക്, ടിയാനിൽ അർപ്പിതമായിരുന്ന ജോലി നാളിതുവരെ പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ, നീലകറിഞ്ഞി സങ്കേതം രൂപികരിക്കുന്നതുമായി ബന്ധപ്പെട്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിലാണ് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയത്തിൻമേൽ അടിയന്തിരമായി 23/11/2017-ന് ഒരു യോഗം കൂട്ടുവാൻ തീരുമാനിച്ചത്. അതിൻ പ്രകാരം, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൃത്യം 10.00 മണിയ്ക്ക് യോഗം ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിയ്ക്കുന്നു.

ആമുഖമായി ബഹു. മുഖ്യമന്ത്രി ചുവടെ രേഖപ്പെടുത്തിയിരിയ്ക്കുന്ന കാര്യങ്ങൾ പറയുകയുണ്ടായി

കേരള സർക്കാരിന്റെ 6.10.06 ലെ ജി.ഒ(പി)36/2006/F&WLD നമ്പർ പ്രകാരം വട്ടവട വില്ലേജിലെ ബ്ലോക്ക് 62-ലും, കൊട്ടക്കമ്പൂർ വില്ലേജിലെ ബ്ലോക്ക് 58-ലും ഉൾപ്പെട്ട പട്ടയ സ്ഥലങ്ങൾ ഒഴികെയുള്ള ഏകദേശം 3200 ഹെക്ടർ ഭൂമിയിൽ ഒരു നീലകറിഞ്ഞി സങ്കേതം രൂപികരിക്കുന്നതിനായി വനം വകുപ്പ് പ്രാഥമികവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനു മുമ്പായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്താതെയാണ് അതിർത്തി നിർണ്ണയിച്ചിരിയ്ക്കുന്നതായി കാണുന്നത്. ആയതിനാൽ കാലങ്ങളായി പ്രസ്തുത സ്ഥലത്തെ ജനവാസകേന്ദ്രങ്ങൾ ആരാധനാലയങ്ങൾ, സ്ഥാപനങ്ങൾ ജല സ്രോതസുകൾ തുടങ്ങിയവ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട നിരവധി വിമർശനങ്ങൾ ഉയർന്നു വന്നിരുന്നു. പ്രസ്തുത മേഖലയിൽ അധിവസിക്കുന്ന ജനവിഭാഗം ഭൂരിഭാഗവും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരും, തമിഴ് ഭാഷ സംസാരിക്കുന്നവരുമാണ്. ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന നീലകറിഞ്ഞി സങ്കേതം

അന്താരാഷ്ട്ര പ്രശസ്തിയുള്ളതും അത് സംസ്ഥാനത്തിന്റെ അഭിമാന പദ്ധതിയുമാകയാൽ അത് തീർച്ചയായും സംരക്ഷിക്കപ്പെടേണ്ടതാണ്. ആയതിനാൽ ടി ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി എല്ലാവരും ഒത്തൊരുമയോടെ നീങ്ങേണ്ടതും, നീലകുറിഞ്ഞി സങ്കേതം രൂപീകരിക്കുന്നതോടൊപ്പം ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിനുതകുന്ന രൂപരേഖ കൃത്യമായി തയ്യാറാക്കി നടപ്പിലാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പൊതുജനങ്ങളുടെ ആശങ്കകൾ ദൂരീകരിച്ച് നീലകുറിഞ്ഞി സങ്കേതം രൂപീകരിക്കുന്ന കാര്യത്തിൽ ആ പ്രദേശത്തെ ജനപ്രതിനിധികളുടെയും രാഷ്ട്രീയകക്ഷികളുടെയും, പോലീസ്, റവന്യൂ വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും ഏകോപിച്ചുള്ള സമീപനം സ്വീകരിക്കേണ്ടതും, അടിയന്തിര പ്രാധാന്യം അർഹിക്കുന്ന ഈ വിഷയം ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് ആരുടെ ഭാഗത്ത് നിന്നും യാതൊരുതരത്തിലും നിരുത്തരവാദപരമായ സമീപനവുമുണ്ടാകുവാൻ പാടില്ലാത്തതുമാണ്.

കുറിഞ്ഞിമല സാങ്ച്വറിയായി പ്രഖ്യാപിച്ച വട്ടവട, കൊട്ടകമ്പൂർ വില്ലേജിലെ പ്രശ്നങ്ങൾ പഠിക്കുന്നതിലേയ്ക്കായി 3.5.14 ലെ സ.ഉ(കൈ)177/14/റവ ഉത്തരവ് പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി.നിവേദിത.പി.ഹരൻ ഐ.എ.എസ് അദ്ധ്യക്ഷയായിട്ടുള്ള ഒരു പ്രത്യേക കമ്മിറ്റി രൂപവല്കരിക്കുകയും, പ്രസ്തുത കമ്മിറ്റി 23.10.14 ൽ അന്വേഷണ റിപ്പോർട്ട് സർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. ടി സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 16.2.15 ൽ സ.ഉ (കൈ) 69/2015/റവ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ 16.2.15 ലെ സ.ഉ(കൈ)69/2015/റവ ഉത്തരവിൽ അപാകതകളുണ്ടെന്നും ഉത്തരവിൽ പരാമർശിക്കുന്ന പല കാര്യങ്ങളിലും വ്യക്തമായ അധികാരപ്പെടുത്തലോ നിർദ്ദേശങ്ങളോ ഇല്ല എന്നും, ചില നിർദ്ദേശങ്ങൾ പൂർത്തീകരിക്കുന്നതിന് നിശ്ചിത സമയക്രമം നിർദ്ദേശിച്ചിട്ടില്ല എന്നുമുള്ള പല അപാകതകൾ കാരണവും, 16.2.15 ലെ ടി ഉത്തരവിന് എതിരെ വ്യാപക പ്രതിഷേധം പലഭാഗത്ത് നിന്നും ഉയർന്ന വന്ന സാഹചര്യത്തിലും, 27.3.17 ൽ കൂടിയ യോഗത്തിൽ, 16.2.15 ലെ സ.ഉ(കൈ)69/2015/റവ ഉത്തരവ് പുന:പരിശോധിക്കുവാനും, 6.10.06 ൽ വനം വകുപ്പ് പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപന പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി നീലകുറിഞ്ഞി സങ്കേതത്തിന്റെ അതിരുകൾ പുനർനിർണ്ണയിക്കണമെന്ന ആവശ്യം പരിശോധിക്കുവാനും, അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിരുന്നു.

2064491/2017/OS-F&WL

യോഗത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും, യോഗാവസാനം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

(i) റവന്യൂ, വനം, വൈദ്യുതി മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത മേഖലയിലെ എല്ലാ ജനപ്രതിനിധികളെയും, രാഷ്ട്രീയ പാർട്ടി പ്രതിനിധികളെയും, റവന്യൂ-വനം വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മൂന്നാറിൽ വച്ച് നീലകറിഞ്ഞി സാങ്ച്വറി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ആശങ്കകൾ ദൂരികരിക്കുന്നതിനായി ഒരു യോഗം നടത്തുന്നതാണ്. (നടപടി - ജില്ല കളക്ടർ, ഇടുക്കി)

(ii) നീലകറിഞ്ഞി സങ്കേതത്തിനായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്ത് പട്ടയഭൂമി എത്രയുണ്ട്, കൈയ്യേറ്റഭൂമി ഉണ്ടോ, കൈവശസ്ഥലത്ത് വീടോ, സ്ഥാപനങ്ങളോ ഉണ്ടോ, ടി പ്രദേശത്ത് ഏതെല്ലാം തരത്തിലുള്ള മരങ്ങൾ ഉണ്ട് തുടങ്ങിയവയിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി സർവ്വേ നടപടികൾ അടിയന്തിരമായി തീർപ്പാക്കേണ്ടതുണ്ട്. ടി സർവ്വേ നടപടികൾ സുഗമമാക്കുന്നതിനും, വേഗത്തിലാക്കുന്നതിനും, റവന്യൂ, വനം, പോലീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സഹകരണത്തോട് കൂടിയുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി സമയക്രമം പാലിച്ചുകൊണ്ട് തീർപ്പാക്കുന്നതിനും സെറ്റിൽമെന്റ് ഓഫീസറുടെ പ്രവർത്തന സുഗമമായി നടത്തികൊണ്ട് പോകുന്നതിന് ആവശ്യമായ സാഹചര്യം ഒരുക്കി കൊടുക്കുന്നതിനും പ്രവർത്തനം പുരോഗതി വിലയിരുത്തുന്നതിനും ആയി റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും വനം വകുപ്പ് സെക്രട്ടറി, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്. ഇതിലേയ്ക്കായി സെറ്റിൽമെന്റ് ഓഫീസറായ ദേവികുളം സബ് കളക്ടർക്കാവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിന് റവന്യൂ-വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി.

(നടപടി - സെറ്റിൽമെന്റ് ഓഫീസർ / സബ് കളക്ടർ, ദേവികുളം)

മേൽ നടപടികൾ പൂർത്തിയാക്കിയതിനു ശേഷം നീലകറിഞ്ഞി സാങ്ച്വറി രൂപീകരണം സംബന്ധിച്ച അന്തിമ വിജ്ഞാപനത്തിനുള്ള നടപടികൾ തീരുമാനിക്കുന്നതാണ്.

യോഗ നടപടികൾ 11.00 മണിയ്ക്ക് അവസാനിച്ചു

Lakesh

സെക്ഷൻ ഓഫീസർ

2064491/2017/OS-F&WL

## മീറ്റിംഗിൽ പങ്കെടുത്തവരുടെ പേരു വിവരങ്ങൾ

| ക്രമ നമ്പർ | പേരും, ഉദ്യോഗപ്പേരും |
|---|---|
| 1 | ശ്രീ.വി.എസ്.സെന്തിൽ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി(ഏകോപനം) |
| 2 | ശ്രീ.പി.എച്ച്.കര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് |
| 3 | ശ്രീ.ജെയിംസ് വർഗ്ഗീസ്, അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് |
| 4 | ശ്രീ.എ.റ്റി.ജെയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ |
| 5 | ശ്രീ.പി.കെ.കേശവൻ, പ്രിൻസിപ്പൽ ചീഫ് കൺസർവ്വേറ്റർ ഓഫ് ഫോറസ്റ്റ് |
| 6 | ശ്രീ.ജി.ആർ.ഗോകുൽ, ജില്ല കളക്ടർ, ഇടുക്കി |
| 7 | ശ്രീ.വി.ആർ.പ്രേംകുമാർ, സബ് കളക്ടർ, ദേവികുളം |
| 8 | ശ്രീമതി.ആർ.ലക്ഷ്മി, വൈൽഡ് ലൈഫ് വാർഡൻ, മൂന്നാർ |
| 9 | ശ്രീമതി.ടെസ്സി.പി.ജോസ്, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ് |
| 10 | ശ്രീമതി.ജി.ഗിരിജകുമാരി, ഡെപ്യൂട്ടി സെക്രട്ടറി, വനം വകുപ്പ് |
| 11 | ശ്രീ.റ്റി.ആർ.സുനിൽ, അണ്ടർ സെക്രട്ടറി, വനം വകുപ്പ് |

Rathesh

സെക്ഷൻ ഓഫീസർ